

ബലാൽസംഗത്തിനിരയായ കന്യാസ്ത്രീക്ക് ഐക്യദാർഢ്യവുമായി കണ്ണൂരിൽ മുൻ പുരോഹിതരും കന്യാസ്ത്രീകളും

കണ്ണൂർ: ജലന്ധർ രൂപതാബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ പീഡിപ്പിച്ച കന്യാസ്ത്രീക്കും അവർക്കൊപ്പം തെരുവിലിറങ്ങിയ കർത്താവിന്റെ മണവാട്ടികൾക്കും കണ്ണൂരിൽ മുൻ പുരോഹിത- കന്യാസ്ത്രീ കൂട്ടായ്മയുടെ ഐക്യദാർഢ്യം. എക്സ് പ്രീസ്റ്റ് ആന്റ് നൺഫോറം ഭാരവാഹികളാണ് വാർത്താസമ്മേളനത്തിൽ കന്യാസ്ത്രീകൾക്കെതിരായ സഭാനിലപാട് ചൂണ്ടിക്കാട്ടി രംഗത്തുവന്നത്.

കേരളത്തിലെ സഭകളുടെ ചരിത്രത്തിൽ ഇന്നേവരെയായി നൂറിലധികം കന്യാസ്ത്രീകൾ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടുവെങ്കിലും മഹാഭൂരി പക്ഷവും ആത്മഹത്യയാണെന്ന് വരുത്തിത്തീർക്കുകയായിരുന്നു. 1987ൽ ലിന്റ, 92ൽ അഭയ, 93ൽ മേഴ്സി, 98ൽ ബെൻസി, അതേവർഷം ജ്യോതിസ്, 2000ൽ പോൾസി, 2006ൽ ആൻസി വർഗ, ലിസ, 2008ൽ അനുപ മരിയ, 2011ൽ മേരി ആൻസി, 2015ൽ ലിസ മരിയ, ഇപ്പോൾ പത്തനാപുരത്തെ സൂസൻ എന്നീ കന്യാസ്ത്രീകൾ കൊല്ലപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്തു. പരക്കെ വിവാദമുണ്ടായിട്ടും ദുരൂഹമരണങ്ങളിൽ അന്വേഷണം എങ്ങുമെത്താത്ത സ്ഥിതിയാണ്. പ്രബലരായ പലരും സഭകളിലുണ്ടായിട്ടും ചെറുവിരലനക്കാൻ പോലും ആരും തയ്യാറായിട്ടില്ല. പോലീസിന്റെ ഫയലുകളിൽ ചുരുളഴിയാതെ കന്യാസ്ത്രീകളുടെ ദുരൂഹതമരണങ്ങൾ അവശേഷിക്കുമ്പോൾ ആത്മഹത്യ പെരുകുകയാണ്.

യേശുവിന്റെ പീഡാനുഭവസ്മരണയിൽ ഊർജം കൊള്ളേണ്ട കന്യാസ്ത്രീകൾ ശാരീരികമായോ മാനസികമായോ പ്രയാസമുണ്ടാകുമ്പോൾ ആത്മഹത്യ ചെയ്യുന്നത് സഭയുടെ ചട്ടക്കൂടിനുവിരുദ്ധമാണ്. നിവൃത്തിയില്ലാതെ അത് സംഭവിക്കുന്നുവെങ്കിൽ സഭ തന്നെയാണ് ഉത്തരവാദി- പുരോഹിതനായിരിക്കെ സഭയിൽ നിന്ന് പുറത്താക്കപ്പെട്ട ഡോ. ജെ.ജെ. പള്ളത്ത് അഭിപ്രായപ്പെട്ടു. 22 വർഷം കന്യാസ്ത്രീയായിരുന്ന ആലക്കോട് സ്വദേശിനി മരിയതോമസ്, ജമ്മു-ശ്രീനഗർ മേഖലയിൽ പുരോഹിതനായിരുന്ന ബെന്നി തോമസ് എന്നിവരും സഭയിൽ നേരിടേണ്ടിവന്ന യാതനകൾ വാർത്താസമ്മേളനത്തിൽ വിശദീകരിച്ചു. മുൻ പുരോഹിത- കന്യാസ്ത്രീ ഫോറത്തിന്റെ സംസ്ഥാന വൈസ് പ്രസിഡണ്ടാണ് ഡോ. ജെ.ജെ. പള്ളത്ത്. സംഘടനയുടെ നോർത്ത് സോൺ ഭാരവാഹികളാണ് മറ്റുള്ളവർ. കന്യാസ്ത്രീയെ പരസ്യമായി അപമാനിച്ച പി.സി. ജോർജ് എം.എൽ.എ പൊതുസമൂഹത്തിന് നാണക്കേടാണെന്നും ഇവർ പറഞ്ഞു.

ഇന്ധനവില വർധനക്കെതിരെ കരുവഞ്ചാലിൽ യു.ഡി.എഫ് പ്രതിഷേധ പ്രകടനം നടത്തുന്നു.

ഇന്ധനവില വർധനവിനെതിരെ പ്രതിഷേധ പ്രകടനം

കരുവഞ്ചാൽ: പെട്രോൾ, ഡീസൽ, പാചക വാതക വില വർധനക്കെതിരെ കരുവഞ്ചാലിൽ യു.ഡി.എഫ് പ്രവർത്തകർ പ്രതിഷേധ പ്രകടനം നടത്തി. പി.ടി. മാത്യു, ബിജു ഓരത്തേൽ, വി.എ. റഹിം, വി.പി. സെബാസ്റ്റ്യൻ, എൻ.യു. അബ്ദുള്ള, സണ്ണി തെക്കേൽ, അനീഷ് കണിവേലിൽ, ജോൺ ചേന്നോത്ത് നേതൃത്വം നൽകി.

ആലക്കോട്: കുതിച്ചുകയറുന്ന ഇന്ധന വില വർദ്ധനക്കെതിരെ ആലക്കോട് മണ്ഡലം കോൺഗ്രസ് കമ്മിറ്റി ആഭിമുഖ്യത്തിൽ കോൺഗ്രസ് പ്രവർത്തകർ ആലക്കോട് പ്രതിഷേധ പ്രകടനം നടത്തി. വർഗീസ് പയ്യമ്പള്ളിൽ, ലാലു കുന്നപ്പള്ളി, ജോൺസൺ മഞ്ഞക്കുന്നേൽ, സിബിച്ചൻ കളപ്പുര, ജോസ് ജോർജ് പ്ലാത്തോട്ടം, തങ്കച്ചൻ പുളിക്കൽ, വിജേഷ് ആന്റണി, നാരായണൻ പുലിക്കിരി, പി.എ. ബിനോയി നേതൃത്വം നൽകി.

ഇന്ധനവില വർധനക്കെതിരെ കോൺഗ്രസ് പ്രവർത്തകർ ആലക്കോട് പ്രതിഷേധ പ്രകടനം നടത്തുന്നു.

തലോറ താവിയിൽ മുത്തപ്പൻ ക്ഷേത്ര കമ്മിറ്റിയുടെ ദുരിതാശ്വാസ സഹായം പ്രസിഡണ്ട് കെ. ഗോപാലൻ പരിയാരം പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷിന് കൈമാറുന്നു.

പ്രളയാനന്തര കേരള പുനർനിർമ്മാണം ത്വരിതപ്പെടുത്തണം: കോഡ്പാ

കണ്ണൂർ: പ്രളയ ദുരന്തത്തിൽ തകർന്ന കേരളത്തിന്റെ പുനർനിർമ്മാണം ത്വരിതപ്പെടുത്താൻ സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ സമയബന്ധിത നടപടികൾ സ്വീകരിക്കണമെന്ന് കോഡ്പാ ആവശ്യപ്പെട്ടു.

സഹ. വകുപ്പിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ജില്ലാതല സംഘടനയായ കോഡ്പാ പ്രസിഡണ്ട് എം. കരുണാകരന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിലാണ് ആവശ്യമുന്നയിച്ചത്. പ്രളയ ദുരിതാശ്വാസമായി 35000 രൂപ നൽകിയ മുൻ ജോ. റജിസ്ട്രാർ വി.എ.രാജൻ, പുനരധിവാസ യത്നങ്ങളിൽ സജീവമായി ഇടപെട്ട ടി.വി ദാമോദരൻ, സി.കെ.ചന്ദ്രശേഖരൻ, വത്സൻ അഞ്ചാംപീടിക, എം.രത്നകുമാർ എന്നിവരെ യോഗം അഭിനന്ദിച്ചു. കെ.സുരേന്ദ്രൻ, പി.വി.രമേശൻ, പി.കരുണാകരൻ, ടി.ജി.രാധാമണി, എ.വനജം, ടി വി.കോമളവല്ലി സംസാരിച്ചു.

സൗമ്യ വധം; പട്ടികജാതിക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്ത നടപടി പുനഃപരിശോധിക്കണം

കണ്ണൂർ: വനിതാ ജയിലിൽ സൗമ്യയുടെ ആത്മഹത്യയുമായി ബന്ധപ്പെട്ട് ഡ്യൂട്ടിയിലില്ലാതിരുന്ന പട്ടിക ജാതിക്കാരായ രണ്ട് ജീവനക്കാരെ സസ്പെന്റ് ചെയ്തത് പുനഃപരിശോധിക്കണമെന്ന് ദലിത് എംപ്ലോയീസ് ആന്റ് പെൻഷനേഴ്സ് അസോസിയേഷൻ കണ്ണൂർ ജില്ലാ കൗൺസിൽ ആവശ്യപ്പെട്ടു. ഡ്യൂട്ടിയിലുണ്ടായിരുന്ന മേലുദ്യോഗസ്ഥരെ രക്ഷപ്പെടുത്തുന്നതിന് വേണ്ടി നിരപരാധികളായ പട്ടികജാതി ഉദ്യോഗസ്ഥരെ ബലിയാടുകളാക്കുകയാണുണ്ടായതെന്ന് യോഗം ചൂണ്ടിക്കാട്ടി. സി.ഗംഗാധരൻ അധ്യക്ഷത വഹിച്ചു. ഉത്തമൻ ശ്രീകണ്ഠപുരം, ദിനേശൻ, ശ്രീധരൻ, താവക്കര കൃഷ്ണൻ, കെ.ശശിധരൻ സംസാരിച്ചു.

പഴയങ്ങാടി പാലം ബലപ്പെടുത്തൽ നടപടികൾ ആരംഭിച്ചു

പഴയങ്ങാടി: പഴയങ്ങാടി പാലം ബലപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചു. എറണാകുളത്തെ പത്മജ ഗ്രൂപ്പാണ് പഠന പ്രവർത്തനത്തിന് നേതൃത്വം നൽകുന്നത്. രണ്ടാഴ്ചക്കകം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കും. പാലത്തിന്റെ ദുരവസ്ഥ നേരത്തെ ടി.വി. രാജേഷ് എം.എൽ.എ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതേ തുടർന്ന് മന്ത്രി പാലം സന്ദർശിക്കുകയും ബലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി പഠനപ്രവർത്തനത്തിന് 2.40 ലക്ഷം രൂപ അനുവദിച്ചു. ബലപ്പെടുത്തുന്നതിന് ആറ് കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്.

ട്യൂഷൻ ക്ലാസ് സംഘടിപ്പിക്കും

പരിയാരം: ഇരിങ്ങൽ യുവജന സ്പോർട്സ് ആന്റ് ആർട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ 4, 5, 6, 7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ക്ലാസ് സംഘടിപ്പിക്കും. ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിലെ വിദ്യാർത്ഥികൾക്ക് ശനി, ഞായർ, മറ്റ് പൊതു അവധി ദിവസങ്ങളിലുമാണ് ക്ലാസ് സംഘടിപ്പിക്കുക. ട്യൂഷൻ ക്ലാസിന്റെ ഉദ്ഘാടനം 16ന് വൈകീട്ട് മൂന്ന് മണിക്ക് പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ് ഉദ്ഘാടനം ചെയ്യും. കെ. മനോജ് അധ്യക്ഷത വഹിക്കും. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിക്കും. എൽ.പി, യു.പി, ഹൈസ്കൂൾ, പൊതുവിഭാഗം എന്ന വിഭാഗങ്ങൾക്ക് 'ഇന്ത്യ ചരിത്രം' എന്ന വിഷയത്തിൽ ക്വിസ് മൽസരം സംഘടിപ്പിക്കും. ഫോൺ: 9946582969, 9961544735

'സാലറി ചലഞ്ച്' ഔദാര്യമല്ല, കടമയാണ്: കെ.പി.ടി.എ

കണ്ണൂർ: പ്രകൃതി ദുരന്തത്തിന്റെ കെടുതികളാൽ എല്ലാം നഷ്ടപ്പെട്ടവരെ കൈപിടിച്ച് ഉയർത്താനുള്ള സർക്കാരിന്റെ ശക്തമായ പ്രവർത്തനങ്ങളുടെ ഭാഗമാണ് സാലറി ചലഞ്ചെന്നും അത് ഔദാര്യമല്ല, കടമയാണെന്നും കേരള പ്രദേശ് ടീച്ചേർസ് അസോസിയേഷൻ പ്രസ്താവിച്ചു. എല്ലാ വിഭാഗം തൊഴിലാളികളും സർക്കാർ ജീവനക്കാരും ഈ കാരുണ്യ പ്രവർത്തനത്തിൽ സർക്കാരിനൊപ്പമുണ്ടാവണം. എല്ലാ സങ്കുചിത ചിന്തകളും മാറ്റിവെച്ച് നിവർന്നു നിൽക്കാനുള്ള ഈ ശ്രമത്തിന് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും കൂടെ നിൽക്കുകയും ചെയ്യുമെന്നും അസോസിയേഷൻ പറഞ്ഞു.

ദുരിതാശ്വാസം; തുക കൈമാറി

തളിപ്പറമ്പ: തലോറ മുച്ചിലോട്ട് ഭഗവതി ക്ഷേത്ര കമ്മിറ്റിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള സഹായമായ 25000രൂപ പി. ഭാസ്ക്കരൻ കോമരം പരിയാരം പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷിന് കൈമാറി. ടി.വി. നാരായണൻ അധ്യക്ഷത വഹിച്ചു. എം. ഗിരിജ, എൻ.വി. മോഹനൻ, കേളു അന്തിത്തിരിയൻ സംസാരിച്ചു. ടി.വി. ശ്രീനിവാസൻ സ്വാഗതം പറഞ്ഞു.

കേരള സർക്കാർ ദർഘാസുകൾ

03-09-2018 മുതൽ 09-09-2018 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

പൊതുമരാമത്ത് വകുപ്പ്

ദർഘാസ് : 2018_PWD_231486_1 * Executive Engineer * SLTF 2018-2019 - PROVIDING BIT CC BETWEEN 0/000 TO 1/000 km * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 800000

ദർഘാസ് : 2018_PWD_232176_1 * Executive Engineer * SLTF - OR 2018 - 19 - Urgent patch work repairs and bit * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 1499372

ദർഘാസ് : 2018_PWD_231480_1 * Executive Engineer * SF 2018-19 Providing 20 mm CC to Manimala Pazhayidam Chenapp * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 1999708

ദർഘാസ് : 2018_PWD_232184_1 * Executive Engineer * SLTF - OR 2018 - 19 - Urgent patch work repairs and bit CC * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 698248

ദർഘാസ് : 2018_PWD_232192_1 * Executive Engineer * SLTF Urgent patch work-2018-19- Providing 20mm CC to Thalakk * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 1499945

ദർഘാസ് : 2018_PWD_232200_1 * Executive Engineer * SLTF 18-19 Urgent bit chipping carpet and allied works to Ke * അവസാന തീയതി : 15-Sep-2018 * അടങ്കൽ : ` 899612

ദർഘാസ് : 2018_PWD_232170_1 * Executive Engineer, PWD Roads Divisi * Urgent bit CC and allied works to Kallara-Vechoor road ch.3 * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 999995

ദർഘാസ് : 2018_PWD_232179_1 * Executive Engineer, PWD Roads Divisi * SLTF 2018-19 Urgent bit chipping carpet and allied works to * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 1999993

ദർഘാസ് : 2018_PWD_232162_1 * Executive Engineer, PWD Roads Divisi * Urgent patch work repairs construction of collapsed reta * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 1499467

ദർഘാസ് : 2018_PWD_232213_1 * Executive Engineer * SLTF Urgent patch work-2018-19- Providing 20mm Bit CC to Kom * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 1199823

ദർഘാസ് : 2018_PWD_232356_1 * Executive Engineer * SLTF 2018-19 Providing urgent patchwork repairs to PM Road C * അവസാന തീയതി : 15-Sep-2018 * അടങ്കൽ : ` 1999995

ദർഘാസ് : 2018_PWD_232218_2 * Executive Engineer * SLTF Urgent patch work-2018-19- Providing 20mm CC to Kalaypa * അവസാന തീയതി : 15-Sep-2018 * അടങ്കൽ : ` 999679

ദർഘാസ് : 2018_PWD_232224_1 * Executive Engineer * SLTF 2018 - 19 Urgent patch repairs to Puthuppally - Thottac * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 1999955

ദർഘാസ് : 2018_PWD_231474_1 * Executive Engineer * SLTF-OR-18-19 Providing Urgent Path work repairs to Mannarkk * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 1000000

ദർഘാസ് : 2018_PWD_231464_1 * Executive Engineer * SLTF 2018-2019 - PROVIDING BIT CC BETWEEN 0/000 TO 8/500 km * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 1000000

ദർഘാസ് : 2018_PWD_231460_1 * Executive Engineer * SLTF 2018-2019 PROVIDING BIT CC BETWEEN 0/000 TO 5/000 KM OF * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 1400000

ദർഘാസ് : 2018_PWD_231457_1 * Executive Engineer * SF 2018-19 Providing 20 mm CC to Erumely Police station-Kodi * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 1499836

ദർഘാസ് : 2018_PWD_231447_1 * Executive Engineer * SF 2018-19 Providing 20 mm CC to Mundakkayam -Koruthodu-Pamb * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 2499628

ദർഘാസ് : 2018_PWD_232306_1 * Executive Engineer, PWD Roads Divisi * Urgent patch work repairs to 19th Mile KK Road Chirackadavu * അവസാന തീയതി : 15-Sep-2018 * അടങ്കൽ : ` 999934

ദർഘാസ് : 2018_PWD_231445_1 * Executive Engineer * SLTF-OR 2018-19 Urgent patch work repairs to Thiruvatta Natt * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 1000000

ദർഘാസ് : 2018_PWD_231440_1 * Executive Engineer * SF 2018-19 Providing 20 mm CC to Mundakkayam -Koruthodu-Pamb * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 1999665

ദർഘാസ് : 2018_PWD_231439_1 * Executive Engineer * SLTF-OR-2018-19 Urgent patch work repairs to Pullarikkunnu r * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 1000000

ദർഘാസ് : 2018_PWD_232363_1 * Executive Engineer * SLTF 2018-19 Providing urgent patchwork repairs to Madukka-K * അവസാന തീയതി : 15-Sep-2018 * അടങ്കൽ : ` 999720

ദർഘാസ് : 2018_PWD_231429_1 * Executive Engineer * SLTF -OR-2018-19 Urgent patch work repairs to Link road at P * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 800000

ദർഘാസ് : 2018_PWD_231377_1 * Executive Engineer, PWD Roads Divisi * SLTF - 2018-19 Urgent patch work repairs to Mooleplavu - Po * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 999925

ദർഘാസ് : 2018_PWD_231669_1 * Executive Engineer * Bit CC work * അവസാന തീയതി : 13-Sep-2018 * അടങ്കൽ : ` 599655

ദർഘാസ് : 2018_PWD_231287_1 * Executive Engineer * SLTF FD - OR 2018 - 19 - Urgent patch work repairs to Lower * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 999020

ദർഘാസ് : 2018_PWD_231425_1 * Executive Engineer * SF 2018-19 Providing 20 mm CC to Punalur- Muvattupuzha Road * അവസാന തീയതി : 12-Sep-2018 * അടങ്കൽ : ` 1499923

ദർഘാസ് : 2018_PWD_232207_1 * Executive Engineer * FDR 2018-19 Urgent rectification of damages to Changa - Chak * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 995178

ദർഘാസ് : 2018_PWD_232104_1 * Executive Engineer * SLTF 2018-19 FDR Urgent patch repair to NH 28th mile-Palavak * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 999656

ദർഘാസ് : 2018_PWD_231519_1 * Executive Engineer * Conveyance of bulk bitumen in lorries from BPCL Ambalamugal * അവസാന തീയതി : 13-Sep-2018 * അടങ്കൽ : ` 997776

ദർഘാസ് : 2018_PWD_232181_1 * Executive Engineer * Re-construction of retaining wall at Manikkapuram in Charumo * അവസാന തീയതി : 14-Sep-2018 * അടങ്കൽ : ` 2499814

ദർഘാസ് : 2018_PWD_231410_1 * Executive Engineer * RESTORATION OF TRENCHES OF BERMS FOR THE KWA WATER SUPPLY PI * അവസാന തീയതി : 13-Sep-2018 * അടങ്കൽ : ` 993695

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക

Ro.No: 03-09/Sep/2018/PRD/9

പാണപ്പുഴ പഞ്ചായത്ത് മുസ്ലിംലീഗ് കമ്മിറ്റിയുടെ ധർണ്ണ കടന്നപ്പള്ളി മുസ്തഫ ഉദ്ഘാടനം ചെയ്യുന്നു

സർക്കാരിന്റെ ക്ഷേമപെൻഷൻ നിഷേധത്തിനെതിരെ മുസ്ലിംലീഗ് ധർണ്ണ നടത്തി

ആലക്കാട്: എൽ ഡി എഫ് സർക്കാറിന്റെ അപ്രഖ്യാപിത ക്ഷേമ പെൻഷൻ നിഷേധത്തിനെതിരെ കടന്നപ്പള്ളി-പാണപ്പുഴ പഞ്ചായത്ത് മുസ്ലിം ലീഗ് ധർണ്ണ നടത്തി. പഞ്ചായത്ത് മുസ്ലിം ലീഗ് പ്രസിഡന്റ് കെ.കെ ആലിക്കുഞ്ഞി ഹാജിയുടെ അധ്യക്ഷതയിൽ ജില്ലാ മുസ്ലിം ലീഗ് അംഗം കടന്നപ്പള്ളി മുസ്തഫ ഉദ്ഘാടനം നിർവഹിച്ചു.

എം.എസ്.എഫ് ജില്ല ഉപാധ്യക്ഷൻ ജംഷീർ ആലക്കാട് മുഖ്യ പ്രഭാഷണം നടത്തി. ഹാഷിം ഹാജി കടന്നപ്പള്ളി, സി. ഉമ്മർ ഹാജി, നിഷാദ്, പി. ബഷീർ, ഒ.പി ഉമ്മർകുട്ടി, കെ മുസ്തഫ, ഒ.പി. കുഞ്ഞഹമ്മദ് അൽഅസ്അദി, റാഫി കടന്നപ്പള്ളി, കാസിം ഹാജി ചന്തപ്പുര, യു.എൻ. അബ്ദുറഹ്മാൻ, സൈഫുദ്ധീൻ കണ്ണങ്കൈ, പി. റഷീദ്, അസ്ലം അഞ്ചില്ലത്ത്, കെ.സി. അജ്മൽ, അബൂബക്കർ സിദ്ധീഖ്, പി.അസ്ലം തുടങ്ങിയവർ സംസാരിച്ചു. ശിഹാബ് ചെറുകുന്നോൻ സ്വാഗതവും പി. ബഷീർ നന്ദിയും പറഞ്ഞു.

ഗ്രന്ഥശാലകളും പൊതുവിദ്യാഭ്യാസവും സംവാദം 14ന്

അഞ്ചാംപീടിക: പി.കെ. നാരായണൻ മാസ്റ്റർ സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം അഞ്ചാംപീടികയുടെ ആഭിമുഖ്യത്തിൽ ഗ്രന്ഥശാല ദിനത്തോടനുബന്ധിച്ച് 14ന് രക്ഷിതാക്കളുടെ കൂട്ടായ്മയും സംവാദവും സംഘടിപ്പിക്കും. വൈകീട്ട് 4.30ന് 'ഗ്രന്ഥശാലകളും പൊതുവിദ്യാഭ്യാസവും' എന്ന വിഷയത്തിൽ സംവാദം നടക്കും. പി. പ്രദീഷ് മാസ്റ്റർ, പി. ലീന ടീച്ചർ, എം.വി. വിനോദിനി ടീച്ചർ എന്നിവർ സംവാദം നയിക്കും. വായനശാല പ്രസിഡണ്ട് പി. ഭാസ്ക്കരൻ അധ്യക്ഷത വഹിക്കും.

കൃഷിനാശം; സർക്കാർ ഇടപെടണം

തളിപ്പറമ്പ: പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ റബർബോർഡും സംസ്ഥാന സർക്കാരും അടിയന്തിരമായി ഇടപെടണമെന്ന് റബർ ഉൽപ്പാദക സംഘം പ്രസിഡണ്ടുമാരുടെ യോഗം ആവശ്യപ്പെട്ടു. എം. കൃഷ്ണൻ നായർ അധ്യക്ഷത വഹിച്ചു. കെ.വി. രാമകൃഷ്ണൻ, ഡവലപ്പ്മെന്റ് ഓഫീസർ എ. പി. വിലാസിനി സംസാരിച്ചു. ഐ.വി. ഗോവിന്ദൻ സ്വാഗതം പറഞ്ഞു.

പരിയാരം പഞ്ചായത്ത് വനിത കോ: ഓപ്പ്
സൊസൈറ്റി ലിമിറ്റഡ് നമ്പർ. സി. 1382
പരിയാരം, പി.ഒ. ഏമ്പേറ്റ് - 670502, ഫോൺ: 04972 808807

പൊതുയോഗ നോട്ടീസ്

മാന്യരേ,

പരിയാരം പഞ്ചായത്ത് വനിതാ സഹകരണ സംഘത്തിന്റെ വാർഷിക പൊതുയോഗം 29 - 09 - 2018 ശനിയാഴ്ച രാവിലെ 11 മണിക്ക് സംഘം ഓഫീസിൽ വെച്ച് താഴെ ചേർത്ത പരിപാടിയനുസരിച്ച് ചേരുവാൻ തീരുമാനിച്ചു. എല്ലാ മെമ്പർമാരും കൃത്യസമയത്ത് തന്നെ യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്
ഏമ്പേറ്റ്,
സെക്രട്ടറി (ഒപ്പ്)
11 - 09 - 2018.

കാര്യപരിപാടി

(1) സ്വാഗതം (2) അധ്യക്ഷ പ്രസംഗം (3) കഴിഞ്ഞ പൊതുയോഗത്തിലെ മിനുട്സ് വായിച്ച് അംഗീകരിക്കൽ (4) 2017 - 18 വർഷത്തെ പ്രവർത്തന റിപ്പോർട്ട് (5) 2017 - 18 വർഷത്തെ വരവ് - ചെലവ്, കടധനപ്പട്ടിക, ലാഭനഷ്ട കണക്ക് എന്നിവ അംഗീകരിക്കൽ (6) കരട് ബഡ്ജറ്റ് 2018 - 19, 2019 - 2020 (7) സപ്ലിമെന്ററി ബഡ്ജറ്റ് 2017 - 2018 (8) ഓഡിറ്റ് റിപ്പോർട്ട് ന്യൂനത, പരിഹാരം 2017 - 2018 (9) അധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ

(10) ബൈലോ ഭേദഗതികൾ(1)ബൈലോ നമ്പർ 16 പലവക 1 (സി) നിക്ഷേപ ഗ്യാരണ്ടി സ്ക്രീം
(2) ബൈലോ നമ്പർ 14 - കൊടുക്കുന്ന വായ്പകൾ സി (2)

(11) നന്ദി

കുറിപ്പ്: (1) അംഗങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങളോ, പ്രമേയങ്ങളോ അവതരിപ്പിക്കാനുണ്ടെങ്കിൽ അവ 23 - 9 - 2018ന് മുമ്പായി പ്രസിഡണ്ട് / സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. (2) 2017 - 2018 വർഷത്തെ വരവ് - ചെലവ് കണക്ക്, കടധനപ്പട്ടിക, ലാഭനഷ്ട കണക്ക്, ബൈലോ ഭേദഗതികൾ എന്നിവ സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

കുറുമാത്തൂർ വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1730
പൊക്കുണ്ട്, കുറുമാത്തൂർ (പി.ഒ) കണ്ണൂർ ജില്ല - 670142

വാർഷികപൊതുയോഗ നോട്ടീസ്

മാന്യമെമ്പർമാരെ,
കുറുമാത്തൂർ വനിതാ സഹകരണ സംഘത്തിലെ 'എ' ക്ലാസ് മെമ്പർമാരുടെ വാർഷിക പൊതുയോഗം 2018 സപ്തംബർ 30 - ാം തീയതി ഞായറാഴ്ച രാവിലെ 11.30ന് കുറുമാത്തൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ താഴെ പറയുന്ന കാര്യപരിപാടി അനുസരിച്ച് ചേരുന്നതാണ്. പൊതുയോഗത്തിൽ കൃത്യസമയത്തു തന്നെ ഹാജരാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

കുറുമാത്തൂർ
11 - 09 - 2018.
എന്ന് കൽപ്പനപ്രകാരം
സെക്രട്ടറി (ഒപ്പ്)

(1) പ്രാർത്ഥന (2) സ്വാഗതം (3) അധ്യക്ഷ പ്രസംഗം (4) 2017 - 2018 വർഷത്തെ പ്രവർത്തന റിപ്പോർട്ട് (5) 2017 - 2018 വർഷത്തെ വരവ് ചെലവ് കണക്ക് (6) 2017 - 2018 വർഷത്തെ ഓഡിറ്റ് ന്യൂനത പരിഹരണം (7) 2018 - 2019 വർഷത്തേക്കുള്ള കരട് ബഡ്ജറ്റ് (8) ലാഭവിഭജനം (9) ബൈലോ ഭേദഗതി അംഗീകരിക്കൽ (10) ചോദ്യങ്ങളും പ്രമേയങ്ങളും (11) പ്രസിഡണ്ട് അനുവദിക്കുന്ന മറ്റുകാര്യങ്ങൾ (12) നന്ദി പ്രകടനം.

കുറിപ്പ്: ചോദ്യങ്ങളും പ്രമേയങ്ങളും 26 - 9 - 18ന് വൈകുന്നേരം 5 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ലഭിക്കേണ്ടതാണ്. കാര്യപരിപാടിയിലെ നാല് മുതൽ ഒമ്പത് വരെയുള്ള ഇനങ്ങൾ സംഘം ഓഫീസ് തളിപ്പറമ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അസിസ്റ്റന്റ് രജിസ്ട്രാർ (ഓഡിറ്റ്), ജില്ലാ സഹകരണ ബാങ്ക്, കുറുമാത്തൂർ ശാഖ, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.

ബൈലോ ഭേദഗതി: 1 സംഘത്തിന്റെ പ്രവർത്തന പരിധി കുറുമാത്തൂർ, ചെങ്ങളായി, പയ്യാവൂർ എന്നീ പഞ്ചായത്തുകളും ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയും ആയിരിക്കും.
14 ബി 2) സ്വർണ്ണപ്പണയ വായ്പ 4,00,000 രൂപയായി വർദ്ധിപ്പിക്കണം
14 ബി 6 (3) സ്വത്ത് പണയ വായ്പ 4,00,000 രൂപ വരെ വർദ്ധിപ്പിക്കൽ

കൂട്ടിച്ചേർക്കുന്നത്

14 ബി. 10. കുടുംബശ്രീ, സ്വാശ്രയസംഘം യൂണിറ്റുകൾക്ക് സ്വയം തൊഴിൽ വായ്പ അനുവദിക്കുന്നത്.
11. വ്യവസായ വായ്പകൾ അനുവദിക്കൽ
12. ഗൃഹോപകരണ വായ്പകൾ അനുവദിക്കൽ
13. കച്ചവടക്കാർക്കുള്ള വായ്പ അനുവദിക്കൽ
14. സംഘം ജീവനക്കാർക്കുള്ള വായ്പ അനുവദിക്കൽ

കാവിൻചാൽ വനിതാ സഹകരണസംഘം
ലിമിറ്റഡ് നമ്പർ സി 1605
കാവിൻചാൽ, പി.ഒ. സി.പൊയിൽ.
ഫോൺ: 2202737

പൊതുയോഗനോട്ടീസ്

മാന്യരേ,
കാവിൻചാൽ വനിതാ സഹകരണസംഘം ക്ലിപ്തം നമ്പർ സി. 1605ന്റെ എ ക്ലാസ്സ് അംഗങ്ങളുടെ പൊതുയോഗം 2018 സപ്തംബർ 30ന് ഞായറാഴ്ച രാവിലെ 10 മണിക്ക് സംഘം പ്രസിഡണ്ട് പ്രമീള കെ.വിയുടെ അധ്യക്ഷതയിൽ തൃച്ചംബരം വിവേകാനന്ദ വിദ്യാലയത്തിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. യോഗത്തിൽ കൃത്യസമയത്ത് എത്തിച്ചേരുവാൻ ഇതിനാൽ അഭ്യർത്ഥിക്കുന്നു.

കൽപ്പനപ്രകാരം
സെക്രട്ടറി

കാര്യപരിപാടി

1. സ്വാഗതം
2. അധ്യക്ഷന്റെ ആമുഖം
3. 2017-2018 വർഷത്തെ പ്രവർത്തനറിപ്പോർട്ട് അംഗീകരിക്കൽ
4. 2017-2018 വർഷത്തെ വരവ്-ചെലവ് കണക്ക്
5. 2017-2018 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
6. 2017-2018 വർഷത്തെ സപ്ലിമെന്ററി ബജറ്റ്
7. 2018-2019 വർഷത്തെ കരട് ബജറ്റ്
8 അവാർഡ് വിതരണം
9. ബൈലോ ഭേദഗതി
10. ചോദ്യങ്ങളും പ്രമേയങ്ങളും
11. അധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ
12. നന്ദി

ബൈലോ ഭേദഗതി

2. കൂട്ടിച്ചേർക്കൽ: സംഘത്തിന്റെ ഉദ്ദേശങ്ങൾ: നീതിസ്റ്റോറുകൾ, നീതിമെഡിക്കൽ സ്റ്റോറുകൾ, നീതി ലാബുകൾ തുടങ്ങിയവ ആരംഭിക്കുക; സംഘം നേരിട്ട് ഭൂമി വാങ്ങിച്ച് വീടുകൾ, വില്ലകൾ, അപ്പാർട്ടുമെന്റുകൾ നിർമ്മിച്ച് വിൽക്കുകയോ വാടകയ്ക്ക് നൽകുകയോ ചെയ്യുക; പി.ഡബ്ല്യൂ.ഡി വർക്കുകൾ കരാർ അടിസ്ഥാനത്തിൽ നടത്തുക; കേരള ഗവ. ലോട്ടറി ടിക്കറ്റ് മൊത്തമായും ചില്ലറയായും വിൽക്കുന്നതിനുള്ള സ്റ്റാളുകൾ നിർമ്മിക്കുക; യോഗസെന്റർ തുടങ്ങുക; പേപ്പർ ബാഗ്/തുണി/സഞ്ചി യൂണിറ്റ് ആരംഭിക്കുക; ജനസേവന കേന്ദ്രം/അക്ഷയകേന്ദ്രം ആരംഭിക്കുക; പച്ചക്കറി മൊത്തമായും ചില്ലറയായും നൽകുന്ന കേന്ദ്രങ്ങൾ ആരംഭിക്കുക; വിദ്യാഭ്യാസ സ്ഥാപനങ്ങൾ/പ്രൊഫഷണൽ കോളേജുകൾ എന്നിവ സ്വന്തമായോ ഏറ്റെടുത്ത് നടത്തുകയോ ചെയ്യുക.

11. ഭരണനിർവ്വഹണം: ഭരണസമിതി അംഗങ്ങൾ 9ൽ നിന്ന് 11 ആയി വർദ്ധിപ്പിക്കൽ

കുറിപ്പ്: പൊതുയോഗത്തിൽ വെക്കേണ്ട ചോദ്യങ്ങളും പ്രമേയങ്ങളും 24-09-2018ന് മുമ്പായി ലഭിക്കേണ്ടതാണ്. എക്ലാസ്സ് അംഗങ്ങളുടെ മക്കളുടെ SSLC, +2വിന്റെ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി 24-09-2018ന് 5 മണിക്ക് മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അജണ്ടയിൽ പറഞ്ഞിരിക്കുന്ന 3 മുതൽ 7 വരെയുള്ള കാര്യങ്ങൾ സംഘം നോട്ടീസ് ബോർഡിലും തളിപ്പറമ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഡിറ്റിംഗ് അസിസ്റ്റന്റ് ഡയരക്ടർ ഓഫീസ്, ജില്ലാ ബാങ്കിന്റെ തളിപ്പറമ്പ് ശാഖ, പരിയാരം പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.